## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*202 | 14.06.2019 ൽ മറുപടിയ്ക്ക്

## സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ

**ചോദ്യം**

ശ്രീ.റ്റി.വി. രാജേഷ്
ശ്രീ.എ.എൻ. ഷംസീർ
ശ്രീ.പി.കെ.ശശി

**മറുപടി**

ശ്രീ.ഇ.പി.ജയരാജൻ
(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | യുവജനങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി രൂപം നൽകിയ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ ; | (എ) | ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ ഡയറക്ടർ ബോർഡ് യോഗങ്ങളിലും സർക്കാർ വിളിച്ചു ചേർക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്ന യോഗങ്ങളിലും ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്യുകയും നിർദ്ദേശങ്ങളും ശിപാർശകളും നൽകാറുമുണ്ട്. |
| (ബി) | പ്രകൃതി ദുരന്തങ്ങളെ നേരിടാൻ സജ്ജമായ യുവജനങ്ങളെ തെരഞ്ഞെടുത്ത് കേരള യൂത്ത് വോളണ്ടിയർ ഫോഴ്സ് രൂപീകരിച്ചിട്ടുണ്ടോ വിശദാംശം നൽകുമോ ; | (ബി) | കഴിഞ്ഞ വർഷം സംസ്ഥാനം നേരിട്ട സമാനതകളില്ലാത്ത പ്രളയകാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ കണ്ട യുവജനപങ്കാളിത്തം കണക്കിലെടുത്ത് ഡിസാസ്റ്റർ മാനേജ്മെന്റ് പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു യുവജന സന്നദ്ധസേനയെ 'കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ്' എന്ന പേരിൽ യുവജനക്ഷേമ ബോർഡ് രൂപീകരിക്കുകയുണ്ടായി. ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു വോളന്റിയർ സേനയെ ഒരുക്കുകയായിരുന്നു ലക്ഷ്യം. ഇതുവഴി സന്നദ്ധസേവന രംഗത്ത് തൽപരരായ ചെറുപ്പക്കാരുടെ വിവരങ്ങൾ ശേഖരിക്കാനും വോളന്റിയർ സേനയിൽ അംഗങ്ങളായവർക്ക് താൽപര്യമുള്ള വിവിധ മേഖലകളിൽ പരിശീലനം നൽകി അവരെ സജ്ജരാക്കാനും സാധിക്കുകയുണ്ടായി. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നുള്ള വിഭവങ്ങളും സേവനങ്ങളും ഇതിനായി പ്രയോജനപ്പെടുത്തുകയുണ്ടായി. ഓൺലൈൻ/ മാനുവലായി രജിസ്റ്റർ ചെയ്ത 18 നും 30 നും ഇടയിൽ പ്രായമുള്ള ഒരു ലക്ഷം യുവതീയുവാക്കൾ ഇപ്പോൾ ഈ സേനയിൽ അംഗങ്ങളായുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർക്ക് ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും രക്ഷാപ്രവർത്തനങ്ങളിലും എന്തെല്ലാം പരിശീലനങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളിൽ നിന്നും എല്ലാ ജില്ലകളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെട്ട 1000 പേർക്ക് 2019 ഫെബ്രുവരി മാസം 23,24,25 തീയതികളിലായി മൂന്നാറിൽ വച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ത്രിദിന പരിശീലനം നൽകി. കൂടാതെ 100 യുവാക്കൾക്ക് 2019 ഫെബ്രുവരി 18,19,20 തീയതികളിൽ തൃശ്ശൂർ കേരള ഫയർ & റസ്ക്യൂ സർവ്വീസ് അക്കാഡമിയിൽ വച്ച് ഫയർ & റസ്ക്യൂ മേഖലയിൽ പരിശീലനം നൽകുകയുണ്ടായി. ഈ സന്നദ്ധ സേനയെ ലീഡ് ചെയ്യുന്നതിന് ജില്ലകളിൽ നിന്നും 18 നും 25 നും ഇടയ്ക്ക് പ്രായമുള്ള യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ ഒരു പാസ്സിംഗ് ഔട്ട് പരേഡ് 2019 മാർച്ച് 2 ന് നടത്തി.<br><br>വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ രണ്ടാംഘട്ട പരിശീലനം 2019 മെയ് 28,29,30,31 തീയതികളിൽ ഇടുക്കിയിലെ ദേവികുളത്ത് വച്ച് സംഘടിപ്പിക്കുകയുണ്ടായി. വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 18 നും 25 നും ഇടയ്ക്കുള്ള 300 ഓളം യുവതീയുവാക്കൾ ഈ പരിശീലനത്തിൽ ഭാഗമാകുകയുണ്ടായി. പ്രസ്തുത പരിശീലനത്തിന്റെ ഭാഗമായി പങ്കെടുത്ത യുവതീ യുവാക്കൾക്ക് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സ്വയം പ്രതിരോധശേഷി വളർത്തുന്നതിനുമുള്ള കരാട്ടെ പരിശീലനം, ട്രക്കിംഗ് പരിശീലനം, മൗണ്ടനെയറിംഗ്, ദുരന്ത നിവാരണം, പ്രാഥമിക ശുശ്രൂഷ എന്നീ മേഖലകളിൽ അറിവ് പകരുന്ന ക്ലാസ്സുകൾ നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്

കേരള ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയക്കെടുതിയാണ് 2018 ആഗസ്റ്റ് മാസത്തിൽ നേരിട്ടത്. ദുരന്തത്തിൽ കൈത്താങ്ങായി മാറിയ യുവക്കളെ ചേർത്ത് പിടിച്ച് കേരളത്തിന് സ്വന്തമായൊരു സന്നദ്ധസേവന സേന എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് "കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ് "എന്ന പേരിൽ ഒരു സന്നദ്ധസേന രൂപീകരിക്കുകയുണ്ടായി.ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലിയേറ്റീവ് പ്രവർത്തനം, ബോധവൽക്കരണ പ്രവർത്തനങ്ങൾ തുടങ്ങി അടിയന്തര പ്രാധാന്യമുള്ള പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയുന്ന ഒരു വോളന്റിയർ സേനയെ ഒരുക്കുകയായിരുന്നു ലക്ഷ്യം. ഇതുവഴി സന്നദ്ധസേവന രംഗത്ത് തൽപരരായ ചെറുപ്പക്കാരുടെ വിവരങ്ങൾ ശേഖരിക്കാനും വോളന്റിയർ സേനയിൽ അംഗങ്ങളായവർക്ക് താൽപര്യമുള്ള വിവിധ മേഖലകളിൽ പരിശീലനം നൽകി അവരെ സജ്ജരാക്കാനും സാധിക്കുകയുണ്ടായി. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നുള്ള വിഭവങ്ങളും സേവനങ്ങളും ഇതിനായി പ്രയോജനപ്പെടുത്തുകയുണ്ടായി. ഓൺലൈൻ/മാനുവലായി രജിസ്റ്റർ ചെയ്ത 18 നും 30 നും ഇടയിൽ പ്രായമുള്ള ഒരു ലക്ഷം യുവതീയുവാക്കൾ ഇപ്പോൾ ഈ സേനയിൽ അംഗങ്ങളായുണ്ട്.

കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രചരാണാർത്ഥം 'Drive a thon' എന്ന പേരിൽ ഒരു വാഹന പ്രചരണ യാത്ര 2018 നവംബർ 29 ന് കാസർഗോഡ് നിന്നാരംഭിച്ച് 2018 ഡിസംബർ 18 ന് തിരുവനന്തപുരത്ത് സമാപിക്കുകയുണ്ടായി.വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ് അംഗങ്ങളിൽ നിന്നും എല്ലാ ജില്ലകളിൽ നിന്നുമായി തെരഞ്ഞെടുക്കപ്പെട്ട 1000 പേർക്ക് 2019 ഫെബ്രുവരി മാസം 23,24,25 തീയതികളിലായി മൂന്നാറിൽ വച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. കൂടാതെ 100 യുവാക്കൾക്ക് 2019 ഫെബ്രുവരി 18,19,20 തീയതികളിൽ തൃശ്ശൂർ കേരള ഫയർ & റസ്ക്യൂ സർവ്വീസ് അക്കാഡമിയിൽ വച്ച് ഫയർ & റസ്ക്യൂ മേഖലയിൽ പരിശീലനം നൽകുകയുണ്ടായി. ഈ സന്നദ്ധ സേനയെ ലീഡ് ചെയ്യുന്നതിന് ജില്ലകളിൽ നിന്നും 18 നും 25 നും ഇടയ്ക്ക് പ്രായമുള്ള യുവാക്കളെ പരിശീലിപ്പിച്ച് അവരുടെ ഒരു പാസ്സിംഗ് ഔട്ട് പരേഡ് നടത്തി.

വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ രണ്ടാംഘട്ട പരിശീലനം 2019 മെയ് 28,29,30,31 തീയതികളിൽ ഇടുക്കി ജില്ലയിലെ ദേവികുളത്ത് വച്ച് സംഘടിപ്പിക്കുകയുണ്ടായി. വിവിധ ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 18 നും 25 നും ഇടയ്ക്കുള്ള 300 ഓളം യുവതീയുവാക്കൾ ഈ പരിശീലനത്തിൽ ഭാഗമാകുകയുണ്ടായി. പ്രസ്തുത പരിശീലനത്തിന്റെ ഭാഗമായി പങ്കെടുത്ത യുവതീ യുവാക്കൾക്ക് അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സ്വയം പ്രതിരോധശേഷി വളർത്തുന്നതിനുമുള്ള കരാട്ടെ പരിശീലനം, ട്രക്കിംഗ് പരിശീലനം, മൗണ്ടനെയറിംഗ്, ദുരന്ത നിവാരണം, പ്രാഥമിക ശുശ്രൂഷ എന്നീ മേഖലകളിൽ അറിവ് പകരുന്ന ക്ലാസ്സുകൾ തുടങ്ങിയ വിവിധ മേഖലകളിൽ രണ്ട് ഘട്ടങ്ങളിലായി പരിശീലനം നൽകുകയുണ്ടായി.

Padmakumar
Section Officer